(എ) ഇടുക്കി ജില്ലയിലെ പിന്നക്കനാലിൽ ആദിവാസികൾക്ക് സർക്കാർ നൽകിയ ഭൂമിയിൽ നിന്ന് എത്ര കുടുംബങ്ങൾ ഒഴിഞ്ഞുപോയി;

(ബി) അവർ ഒഴിഞ്ഞുപോകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) അവർ ഒഴിഞ്ഞുപോയ സ്ഥലങ്ങൾ കയ്യേറക്കാർ കൈവശപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഒഴിഞ്ഞുപോയ ആദിവാസികൾക്ക് വേറെ ഭൂമി നൽകാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) 387 കുടുംബങ്ങൾ.

(ബി) കാട്ടാനകളുടെ ഉപദ്രവവും മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമാണ് കാരണം.

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

അഹാഡ്സിന്റെ പ്രവർത്തനം

122 [2291] ശ്രീ. എ. കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയെ പച്ചപിടിപ്പിക്കാൻ ജപ്പാനിൽ നിന്ന് വായ്പയെടുത്ത 219 കോടി രൂപ അഹാഡ്സ് എന്തെല്ലാം ആവശ്യത്തിനാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) അഹാഡ്സിൽ ആകെ എത്ര ജീവനക്കാരാണുള്ളത്; തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ; ഇവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാൻ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്;

(സി) അഹാഡ്സിന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിന്റെ ചുമതല ആർക്കായിരുന്നു; നിർമ്മാണവുമായി ബന്ധപ്പെട്ട് വൻ സാമ്പത്തിക ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അഹാഡ്സിനെയും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗുണഭോക്തൃ സംഘങ്ങളുടെയും പ്രവർത്തനവും സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് സർക്കാർ പരിശോധിക്കുമോ?

ഉത്തരം

(എ) ജപ്പാനുമായുള്ള 219 കോടി രൂപയുടെ പദ്ധതി തുക സ്വകാര്യ ഭൂമിയിലേയും വനഭൂമിയിലേയും മണ്ണ്—ജല സംരക്ഷണം, ജലവിഭവ വികസനം, വരുമാനദായക പ്രവർത്തനങ്ങൾ, ഊരു വികസനം, സമ്പൂർണ്ണ ഊരു വികസന പരിപാടി, മാനവ വിഭവശേഷി വികസനം, ആരോഗ്യപരിപാലന പ്രവർത്തനങ്ങൾ, ഭരണ നിർവ്വഹണ പ്രവർത്തനങ്ങൾ, സർവ്വേ പ്ലാനിംഗ്, സ്ഥലമെടുപ്പും അനുബന്ധ പ്രവർത്തനങ്ങളും തുടങ്ങിയവയ്ക്കാണ് ചെലവഴിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഹാഡ്സിൽ ആകെ 123 അംഗീകരിച്ച തസ്തികകളുള്ളതിൽ 103 ജീവനക്കാർ ഇപ്പോൾ ജോലി ചെയ്തുവരുന്നുണ്ട്. തസ്തിക വിവരം ചുവടെ ചേർക്കുന്നു:

പ്രോജക്ട് ഡയറക്ടർ	..	1
ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ	..	5
അസിസ്റ്റന്റ് ഡയറക്ടർ	..	8
കൃഷി ഓഫീസർ	..	3
മണ്ണ് സംരക്ഷണ ഓഫീസർ	..	6
എക്സ്റ്റൻഷൻ ഓഫീസർ	..	5
ഫീൽഡ് ഓഫീസർ (വനം)	..	6
ഫീൽഡ് ഓഫീസർ (പരിശീലനം)	..	2
അസിസ്റ്റന്റ് എൻജിനിയർ	..	3
ഹൈഡ്രോളജിസ്റ്റ്	..	1
സൂപ്രണ്ട് (അക്കൗണ്ട്സ്)	..	1
വെൽഫെയർ ഓഫീസർ	..	1
പ്രോഗ്രാമർ	..	1
കാർട്ടോഗ്രാഫർ	..	1
ഡ്രാഫ്റ്റ്സ്മാൻ	..	1
ലൈബ്രേറിയൻ	..	1
പേഴ്സണൽ അസിസ്റ്റന്റ്	..	1
ഓഫീസ് അസിസ്റ്റന്റ്	..	15
ഓവർസിയർ	..	3
സ്റ്റെനോഗ്രാഫർ	..	4
ടൈപ്പിസ്റ്റ്	..	2
ഡാറ്റാ എൻട്രി ഓപ്പറേറർ	..	1
ഓഡിയോ വിഷ്വൽ ഓപ്പറേറർ	..	1
ഫോട്ടോ കോപ്പിയർ ഓപ്പറേറർ	..	1
ഡ്രൈവർ	..	5
പ്യൂൺ	..	5
പാറാവുകാരൻ	..	3
കോ-ഓർഡിനേറർ	..	15
ഫുൾ ടൈം സ്വീപ്പർ	..	1
ആകെ		103

മുകളിൽ പറഞ്ഞിരിക്കുന്ന തസ്തികകളിൽ ജോലി ചെയ്തു വരുന്ന ജീവനക്കാർക്ക് പുറമേ 26 കൺസൾട്ടൻറുമാരും, 30 അനിമേറർമാരും, 105 ടെക്നിക്കൽ വോളൻറിയർമാരും, 47 ജനറൽ വോളൻറിയർമാരും, ദിനവേതനാടിസ്ഥാനത്തിൽ 35 പേരും അഹാഡ്സിൽ ജോലി ചെയ്തു വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആകെ 2.38 കോടി രൂപ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാൻ ചെലവഴിച്ചിട്ടുണ്ട്.

(സി) അഹാഡ്സിന്റെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണച്ചുമതല കേരസ്റ്റ് ഫോർഡ് എന്ന സ്ഥാപനത്തിനായിരുന്നു. നിർമ്മാണവുമായി ബന്ധപ്പെട്ട് സാമ്പത്തിക ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അഹാഡ്സിന്റെ കണക്കുകൾ എല്ലാ വർഷവും അക്കൗണ്ടന്റ് ജനറൽ ഓഫീസ് ഓഡിറ്റ് ചെയ്യുന്നുണ്ട്. ഗുണഭോക്തൃ സംഘങ്ങളുടെ കണക്കുകൾ പരിശോധിക്കുന്നതിന് അഹാഡ്സിൽ പ്രത്യേക വിഭാഗം നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly